# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 529 : 27/09/2011 -ൽ മറുപടിക്ക്**

**വനിതാ വ്യവസായ സംരംഭകർക്ക് നൽകുന്ന സഹായം**

ചോദ്യം | ഉത്തരം

**ശ്രീമതി. കെ. എസ്. സലീഖ :**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**

(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വനിതാ വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് സർക്കാരിൽ നിന്ന് നിലവിൽ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | വനിതാ വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതി ആണ് വിമൻസ് ഇൻഡസ്ട്രീസ് സ്കീം. വനിതാ വ്യവസായ യൂണിറ്റുകൾക്ക് ധനസഹായം നൽകി വരുന്ന മറ്റൊരു പദ്ധതി ആണ് വിമൻസ് ഇൻഡസ്ട്രീസ് പ്രോഗ്രാം. ഇവ കൂടാതെ വനിതാ സംരംഭകർ നടത്തുന്ന യൂണിറ്റുകൾക്ക് 5 % അധിക ഇൻവസ്റ്റ്മെന്റ് സബ്സിഡിയും വനിതകളുടെ പ്രാഥമിക വ്യവസായ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തവും മെഷിനറി ഗ്രാന്റും നൽകി വരുന്നു. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി എം ഇ ജി പി ) പദ്ധതി പ്രകാരം വനിതകൾ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് വർദ്ധിച്ച നിരക്കിലുള്ള സബ്സിഡിയും നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഉൽപ്പന്നങ്ങളുടെ വിപണനത്തിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; | (ബി) | വനിതാ സംരംഭകർക്ക് ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി വിമൻസ് ഇൻഡസ്ട്രീസ് സ്കീം പ്രകാരം താഴെപറയുന്ന കാര്യങ്ങൾക്ക് സഹായം നൽകി വരുന്നു.<br>1. ബി.ഐ.എസ്/അഗ്മാർക്ക് സർട്ടിഫിക്കേഷൻ നേടുക, ബാർകോഡിംഗ്, ഹസാർഡ് അനാലിസിസ് ആന്റ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ് (എച്ച് എ സി സി പി ) സർട്ടിഫിക്കറ്റ് നേടുക.<br>2. ഉല്പന്നത്തിന് പുതിയതും ആകർഷകവുമായ പാക്കേജ് വികസിപ്പിക്കുക.<br>3. മാദ്ധ്യമങ്ങളിൽ കൂടിയുളള പരസ്യങ്ങൾ നൽകുക.<br>4. പരസ്യ ബോർഡുകൾ സ്ഥാപിക്കുക.<br>5. ദേശീയ പ്രാദേശിക പ്രദർശനങ്ങളിൽ പങ്കെടുക്കുക.<br>ബി.ഐ.എസ്/അഗ്മാർക്ക് സർട്ടിഫിക്കേഷൻ നേടുക, ബാർകോഡിംഗ്, എച്ച്എസിസിപി സർട്ടിഫിക്കറ്റുകൾ നേടുന്നതിന് ചിലവാകുന്ന തുകയുടെ 50 % പരമാവധി 1 ലക്ഷം രൂപയും പുതിയതും ആകർഷകവുമായ പാക്കേജ് വികസിപ്പിക്കുന്നതിനും മാദ്ധ്യമങ്ങളിൽ പരസ്യം ചെയ്യുന്നതിനും പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിനും ചിലവാകുന്ന തുകയുടെ 50% പരമാവധി 50,000 രൂപയും ദേശീയ പ്രാദേശിക |

| | | | |
|---|---|---|---|
| | | | പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് ചിലവാകുന്ന തുകയുടെ 50% പരമാവധി 75,000 രൂപയും ഇപ്രകാരം വിപണന സഹായ ആനുകൂല്യമായി നൽകാൻ പദ്ധതിയുണ്ട്. |
| (സി) | കഴിഞ്ഞ വർഷം വനിതാ സംരംഭകർ എത്ര വ്യവസായ യൂണിറ്റുകൾ ആരംഭിച്ചുവെന്ന് അറിയിക്കുമോ? | (സി) | കഴിഞ്ഞ സാമ്പത്തിക വർഷം വനിതാ സംരംഭകർ 1856 വ്യവസായ യൂണിറ്റുകൾ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ